(ബി) സബ്സ്റ്റേഷൻ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്നാണ് സർക്കാർ ഉറപ്പു നൽകിയതെന്ന് അറിയിക്കാമോ ;

(സി) പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് അറിയിക്കാമോ ;

(ഡി) സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിച്ച് എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചക്കിട്ടപ്പാറയിലുള്ള 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ അടുത്ത സാമ്പത്തികവർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സാമ്പത്തിക കാരണങ്ങളാൽ കഴിഞ്ഞവർഷം നിർത്തിവെച്ച നിർമ്മാണ ജോലികൾ, ഈ വർഷം പുനരാരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സബ്സ്റ്റേഷൻ 2004 അവസാനം കമ്മിഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 220 കെ.വി സബ് സ്റ്റേഷനുകൾ

133 (1682) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതുതായി 220 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) 220 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളാണ് ബോർഡ് അധികൃതർ ഇതിനകം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ജില്ലകളിലെ പുതിയ 220 കെ.വി. സബ്സ്റ്റേഷനുകൾക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളും അതിൽ അനുയോജ്യമായതായി പരിഗണിച്ച സ്ഥലങ്ങളും സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പിലും കോഴിക്കോട് ജില്ലയിൽ വടകരയിലുമാണ് 220 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) തളിപറമ്പിൽ 220 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള സ്ഥലം, തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ പുളിപ്പറമ്പ് എന്ന സ്ഥലത്ത് നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനോടനുബന്ധിച്ചുള്ള സ്ഥലത്താണ്.

LIBRARY ARCHIVES Kerala Legislative Assembly

220 കെ.വി. വടകര സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഓർക്കാട്ടിരി പഞ്ചായത്തിലെ അതിയൂർ ഏറാമല വില്ലേജിലാണ്.

(സി) 110 കെ. വി. തളിപറമ്പ് സബ്സ്റ്റേഷനോടനുബന്ധിച്ചുള്ള സ്ഥലത്താണ് 220 കെ.വി. തളിപ്പറമ്പ് സബ്സ്റ്റേഷനുവേണ്ടി സ്ഥലം കണ്ടെത്തിയത്. 220 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

വടകര 220 കെ.വി. സബ്സ്റ്റേഷനുവേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം ഓർക്കാട്ടിരി പഞ്ചായത്തിലെ അതിയൂർ ഏറാമല വില്ലേജിൽ ഓർക്കാട്ടിരി തുരുത്തുമുക്ക് റോഡിന്റെ വശത്തായി ഉദ്ദേശം 9 ഏക്കർ ആണ്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുവാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

നാവായിക്കുളം സബ്രജിസ്ട്രാർ ഓഫീസിൽ വൈദ്യുതി പുനഃസ്ഥാപിക്കാൻ നടപടി

134 (1685) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ നാവായിക്കുളം സബ് രജിസ്ട്രാർ ഓഫീസിലുണ്ടായിരുന്ന വൈദ്യുതി ചാർജ് കുടിശ്ശിക, അലോട്ട്മെന്റ് ലഭിച്ച മാർച്ച് മാസം തന്നെ പൂർണ്ണമായും അടച്ചു തീർത്തിട്ടും നാളിതുവരെ പ്രസ്തുത ഓഫീസിന് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചിട്ടില്ല എന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിവേദനം സർക്കാരിനോ ബോർഡിനോ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഓഫീസിൽ വൈദ്യുതി കണക്ഷൻ എന്നത്തേയ്ക്ക് പുനഃസ്ഥാപിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാവായിക്കുളം സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ള വൈദ്യുതി കണക്ഷൻ, വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് നോട്ടീസ് നൽകി ഡിസ്കണക്റ്റ് ചെയ്യുകയും തുടർന്ന് ആറുമാസ സമയപരിധി കഴിഞ്ഞ് നിയമപ്രകാരം ഡിസ്മാന്റിൽ ചെയ്യുകയും ചെയ്തു. ഡിസ്മാന്റിൽ ചെയ്ത ഒരു സ്ഥലത്തേയ്ക്ക് വീണ്ടും വൈദ്യുതി കണക്ഷൻ ആവശ്യമുണ്ടെങ്കിൽ കുടിശ്ശിക അടച്ചുതീർത്തശേഷം പുതിയ കണക്ഷൻ ലഭിക്കാൻ ആവശ്യമായ അപേക്ഷ നൽകുകയും മറ്റ് നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും വേണം. 19-4-2003-ലെ സബ് രജിസ്ട്രാറുടെ അപേക്ഷയിന്മേൽ പ്രത്യേക പരിഗണന നൽകി ടി സബ് രജിസ്ട്രാർ ഓഫീസിന് കണക്ഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിന് 24-6-2003-ന് വൈദ്യുതി ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly